# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 7890** **16.07.2014 ൽ മറുപടിയ്ക്ക്**

## സോളാർ പാനലുകൾ വ്യാപകമാക്കുന്നതിന് സബ്സിഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് ജലവൈദ്യുതി അല്ലാതെയുള്ള വൈദ്യുതി ഉല്പാദിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) കേരളത്തിൽ സോളാർ പാനലുകൾ കൂടുതൽ വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്: | (എ) യും (ബി) യും<br><br>കേരളത്തിൽ വർദ്ധിച്ചുവരുന്ന ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി അനെർട്ട് 10000 റൂഫ്ടോപ്പ് സോളാർ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ 10000 വീടുകളിൽ ഒരു കിലോവാട്ടിന്റെ സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതുവരെയായി 6400 ൽ പരം പവർപ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് സൗരോർജ്ജത്തിൽ നിന്നും 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>കേരളത്തിൽ സൗരോർജ്ജ പവർപ്ലാന്റുകൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളിൽ വിവിധ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.<br><br>1) കേന്ദ്ര സർക്കാരിന്റെ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് 4 സർക്കാർ സ്ഥാപനങ്ങളിൽ ആകെ 174 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>2) സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് 8 സർക്കാർ സ്ഥാപനങ്ങളിൽ ആകെ 115 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ |

പവർപ്ലാന്റുകളുടെ പണി പൂർത്തിയായി വരുന്നു.

3) 15 സ്ഥാപനങ്ങളിൽ ആകെ 1280 കിലോ വാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് റൂഫ്ടോപ്പ് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിനും കേന്ദ്ര ഗവണ്മെന്റിന്റെ അംഗീകാരം ലഭ്യമായി ട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

സൗര വൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10.06.2014-ൽ 'Grid Interative Distributed Solar Energy Systems' Regulation 2014 എന്ന പേരിൽ ഒരു മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖ സംസ്ഥാനത്തെ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളെയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു.

കെ.എസ്.ഇ.ബി ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

(സി) വൈദ്യുതോർജ്ജത്തിനായി സോളാർ പാനലുകളെ ആശ്രയിക്കുമ്പോൾ ഉപഭോക്താക്കൾക്ക് ആദ്യഘട്ടത്തിൽ മുടക്കേണ്ട വൻതുകയ്ക്ക് എന്തെങ്കിലും സബ്സിഡികൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ മുതൽ മുടക്കിന്റെ എത്ര ശതമാനം സബ്സിഡിതുകയായി ഉപഭോക്താക്കൾക്ക് ലഭിക്കുമെന്നറിയിക്കുമോ?

<u>(സി) യും (ഡി) യും</u>

ഒരു കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റ് സ്ഥാപിക്കുന്നതിന് 1.77 ലക്ഷം മുതൽ 2.05 ലക്ഷം വരെയാണ് ചെലവ് വരുന്നത്. എന്നാൽ ഈ പദ്ധതിയിലൂടെ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റ് സബ്സിഡിയായി 53,262/- രൂപയും സംസ്ഥാന ഗവണ്മെന്റ് സബ്സിഡിയായി 39,000/- രൂപയും നൽകിവരുന്നു. അതായത് കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളുടെ സംയുക്ത സബ്സിഡിയായി 45-50% വരെ ലഭ്യമാകുന്നു.

1 കിലോവാട്ടിന് മുകളിൽ കപ്പാസിറ്റിയുള്ള സൗരോർജ്ജ പവർപ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയ്ക്കുള്ള അർഹതയുണ്ട്. പ്രോജക്ട് അടങ്കൽ തുകയുടെ 30% (കേന്ദ്ര സർക്കാരിന്റെ Bench Mark Cost- ന്റെ പരിധി

യ്ക്കുള്ളിലാണെങ്കിൽ) സബ്സിഡിക്ക് അർഹതയുണ്ട്. പ്രസ്തുത സബ്സിഡിയ്ക്കുവേണ്ടി കേന്ദ്ര സർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ നോഡൽ ഏജൻസിയായ അനെർട്ട് വഴിയാണ് കേന്ദ്ര സർക്കാരിലേക്ക് പ്രസ്തുത സബ്സിഡി അപേക്ഷ സമർപ്പിക്കേണ്ടത്.

സെക്ഷൻ ഓഫീസർ

## അനുബന്ധം (7650)

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ ഏറ്റെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ചെയ്തു വരുന്നു.

1. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ അനുയോജ്യമായവ യിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ
2. കഞ്ചിക്കോട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്

   1 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.
3. പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.
4. പൊരിങ്ങൽ പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ 50 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.
5. കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 കിലോവാട്ട് ശേഷിയുള്ള പോൾ മൗണ്ടട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.
6. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ 0.13456 മെഗാവാട്ട് ശേഷി യുള്ള സോളാർ പ്ലാന്റ് (stage-1) സ്ഥാപിക്കൽ.
7. RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 0.1315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ.
8. ബ്രഹ്മപുരത്ത് ഡീസൽ വൈദ്യുത നിലയത്തിലെ കേടായ രണ്ട് ഡീസൽ എഞ്ചിൻ ജനറേറ്റർ സെറ്റുകൾ മാറ്റി പുതിയ പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന 36 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി.
9. പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന 400 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട്, ബ്രഹ്മപുരം ഇതിന്റെ പരിസ്ഥിതി ആഘാതപഠനം നടന്നുവരുന്നു.
10. കൊച്ചിൻ റിഫൈനറിയുടെ ആധുനികവത്ക്കരണ - വികസന പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയിൽ നിർമ്മിക്കാ നുദ്ദേശിക്കുന്ന ഏകദേശം 500-600 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുതനിലയം.
11. പുതുവൈപ്പിൻ പെട്രോനെറ്റ് എൽ.എൻ.ജി പദ്ധതിയുടെ സമീപത്തായി 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതി വാതകം ഉപയോഗിച്ചുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട്, ഇതിലേക്കാവശ്യമായ 46.66 ഏക്കർ സ്ഥലം കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്ന് അനുവദിച്ചുകൊണ്ടുള്ള തീരുമാനം 13.05.2014-ലെ സർക്കാർ ഉത്തരവ് പ്രകാരം ലഭിക്കുകയുണ്ടായി.

12. 1320 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപവൈദ്യുതനിലയം കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വീണ്ടും പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

കൂടാതെ, മറ്റ് ഏജൻസികൾ വഴി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

1. പാലക്കാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 3 മെഗാവാട്ട് ശേഷിയുള്ള മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണജോലികൾ പൂർത്തിയാക്കി. കമ്മീഷനിംഗ് ജോലികൾ നടന്നു വരുന്നു.
2. M/s. Inox Renewable Energy Limited-ന്റെ 22 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതി കഞ്ചിക്കോട്ടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുന്നു.
3. ഗവൺമെന്റ് എൻ.എച്ച്.പി.സി-യുമായിട്ട് 06.01.2014-ൽ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി സ്ഥാപിക്കുന്നതിലേയ്ക്കായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്.
4. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, എൻ.എച്ച്.പി.സി-യുമായിട്ട് 07.05.2014-ൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ടിന്റെ സോളാർ പദ്ധതി സ്ഥാപിക്കുന്നതിനുവേണ്ടി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്.